പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 167

09.03.2015-ൽ മറുപടിക്ക്.

## പോലീസ് കംപ്ലയിന്റ് അതോറിറ്റി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ.പി.എ. മാധവൻ<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. ലൂഡി ലൂയിസ് | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പോലീസ് കംപ്ലയിന്റ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ടോ; | : (എ) രൂപീകരിച്ചിട്ടുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | : (ബി) 2011 ലെ കേരള പോലീസ് ആക്ടിലെ സെക്ഷൻ 110 പ്രകാരം പോലീസ് സൂപ്രണ്ട് മുതൽ മുകളിലോട്ടുള്ള പോലീസ് ഉദ്യോഗസ്ഥർക്കെതിരെയുള്ള സ്വഭാവദൂഷ്യം സംബന്ധിച്ച എല്ലാ തരത്തിലുള്ള പരാതികളും, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് മുതൽ താഴോട്ട് റാങ്കിലുള്ള ഏത് പോലീസ് ഉദ്യോഗസ്ഥന്റെയും പേരിലുള്ള ഗുരുതര സ്വഭാവമുള്ള പരാതികൾ അതായത് കസ്റ്റഡിയിലുള്ള സ്ത്രീകൾക്കെതിരെയുള്ള ലൈംഗിക പീഡനം, ബലാൽസംഗം, മരണത്തിനിടയാക്കുന്ന പരുക്കേൽപ്പിക്കൽ, ഗുരുതരമായ പരുക്കേൽപ്പിക്കൽ എന്നിവ സംബന്ധിച്ച് പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും പരാതികൾ സ്വീകരിച്ച് നടപടി നിർദ്ദേശിക്കുക എന്നതാണ് സംസ്ഥാനതല പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയുടെ ചുമതല. ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് മുതൽ താഴോട്ട് റാങ്കിലുള്ള ഉദ്യോഗസ്ഥർക്കെതിരെയുള്ള പരാതികൾ പരിശോധിച്ച് നടപടി നിർദ്ദേശിക്കുകയാണ് ജില്ലാതല പോലീസ് കംപ്ലയിന്റ്സ് അതോറിറ്റികളുടെ ചുമതല. |

| | |
|---|---|
| (സി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഇതിന്റെ പ്രവർത്തനത്തിനായി ഒരുക്കിയിട്ടുള്ളത്; വിശദമാക്കുമോ; | : (സി) പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ വാഹനം, ഓഫീസ്, ഫർണിച്ചർ, ജീവനക്കാർ തുടങ്ങിയവ ലഭ്യമാക്കിയിട്ടുണ്ട്. |
| (ഡി) പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ? | : (ഡി) വിലയിരുത്തിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

2